# 1
# ’എൽ: “ദൈവം”

മാനുഷികമായോ അല്ലെങ്കിൽ ദൈവികമായോ ആയ പേരുകൾ, പഴയ നിയമത്തിലോ, പുതിയ നിയമത്തിലോ ഏതായാലും, പ്രത്യേകം അർത്ഥം ഇല്ലാത്തതായി കാണുക പ്രയാസമാണ്. അതിൽ കൂടുതൽ, ബൈബിൾ എത്ര ശ്രദ്ധയോടെ എഴുതപ്പെട്ടു എന്നു ഒരാൾ തിരിച്ചറിയുമ്പോൾ, പ്രത്യേകിച്ചു ദൈവികത്വത്തെക്കുറിച്ചുള്ള ഏതൊരു പേരായാലും പദവി ആയാലും അതിനു പ്രാധാന്യമുള്ളതായി മനസ്സിലാക്കും. പഴയ നിയമത്തിൽ ദൈവികത്വത്തെ പരാമർശിക്കുന്ന പേരുകളും വിവരങ്ങളും അടങ്ങുന്നതാണ് താഴെ കൊടുത്തിരിക്കുന്ന പഠനം. ദൈവം തന്നെ തിരഞ്ഞെടുത്തിരിക്കുന്നതും ആളുകളാൽ വിളിക്കപ്പെട്ടതുമായ അവന്റെ പേരുകൾ പഠിക്കുന്ന ഷോകെയിസിലെ മുത്തുകൾ പരിശോധിക്കുന്നതു പോലെയാണ്, അതു ദൈവികത്വത്തെ ആഴത്തിൽ അനുമോദിക്കുന്നതിനു ഇടയാക്കും.[1]

സാധാരണ ദൈവത്തിനുള്ള എബ്രായ പേർ മൂലനാമമായ *’എൽ*, അല്ലെങ്കിൽ *’എലോഹ്*. എബ്രായ പുല്ലിംഗ ഏകവചനനാമത്തോട് *യിം* എന്നു ചേർത്താൽ അതു ബഹുവചനമായിത്തീരും; അങ്ങനെ നാം *’എലോഹിം* എന്നതു നാം കാണുന്നു. “നാമത്തിന്റെ രൂപം ബഹുവചനമാണ്, എന്നാൽ എതിരായി വരുന്നത് ഏകവചനമാണ്. ഇതിനെ ചിലപ്പോൾ ‘സർവ്വശക്തിയുടെ ബഹുവചനമാണ്’.”[2] പഴയ നിയമം ഏക ദൈവത്തെ മാത്രം എടുത്തു കാണിക്കയും എല്ലായ്പ്പോഴും വിഗ്രഹാരാധനയെയും ബഹുദൈവങ്ങളെയും ഖണ്ഡിക്കയും ചെയ്യുന്നു. അതുകൊണ്ട് നാമരൂപത്തിൽ അധിഷ്ഠിതമായ ദൈവനാമങ്ങൾ മനസ്സിലാക്കേണ്ടത് സുപ്രധാനമാണ്.

### *’എലോഹിം*: “ദൈവം”

ഉല്പത്തി 1:1 ലാണ് ദൈവികത്വത്തെ ആദ്യമായി പഴയനിയമത്തിൽ വിവരിക്കുന്നത്: “ആദിയിൽ ദൈവം [*’എലോഹിം*] ആകാശവും ഭൂമിയും സൃഷ്ടിച്ചു.”

### “ദൈവം” എന്ന വാക്കിന്റെ അർത്ഥം

*ഒരു തെറ്റായ ആശയം* ചിലർ വിചാരിക്കുന്നു “ദൈവം” എന്ന വാക്കും “നല്ലത്” എന്നതും ബന്ധപ്പെട്ടിരിക്കുന്നു എന്നാണ്. തീർച്ചയായും ആ വാക്കുകളുടെ ഇംഗ്ലീഷ് അക്ഷരങ്ങളിൽ സമാനതകളുണ്ട്. ഉല്പത്തി 1:1 നെ ക്കുറിച്ചുള്ള ആഡം ക്ലാർക്കിന്റെ പരാമർശം - സാക്സൻ വാക്കായ “ഗോഡ്” എന്ന വാക്ക് എങ്ങനെ നന്മയുമായി യോജിക്കുന്നു എന്നു മനസ്സിലാക്കാം, കാരണം ബൈബിളിലെ ദൈവം

നന്മയുടെ സാംരാംശം ആണ്. "രുചിച്ചറിവിൻ" (സങ്കീർത്തനങ്ങൾ 34:8), "യഹോവ നല്ലവൻ" ബൈബിളിനു പുറത്തുളള "ദൈവങ്ങൾ" നല്ലവ രായിരുന്നില്ല. "ഗോഡ്" എന്ന വാക്ക് നന്മയെ സൂചിപ്പിക്കുന്നു എങ്കിൽ, പിന്നെ അന്യജാതിക്കാരുടെ ദൈവങ്ങളെ അവർ ദുരുപയോഗം ചെയ്തി രിക്കയാണ്. യുറേനിയസിനെ നോക്കിയാൽ, സ്വന്തം മക്കളെ വെറുത്തു, തടവിലാക്കി. "ദേവൻമാരുടെ രാജാവ്" ആയിത്തീരുവാൻ ജൂപ്പിറ്റർ അവന്റെ അപ്പനെ സ്ഥാനഭ്രഷ്ടനാക്കി എന്നതാണ് കഥ. അന്യദേ വൻമാരെ സേവിച്ചിരിക്കുന്നവരുടെ ദേവൻമാർ അത്യാഗ്രഹികളും, ശണ്ഠയിടുന്നവരും ആഭിചാരക്കാരുമായിരുന്നു.

എങ്ങനെയായാലും, ഉല്പത്തി 1:1-ൽ മോശെ ഉപയോഗിച്ച വാക്ക് *'എലോഹിം*, ''ഗുഡ്'' എന്ന വാക്കുമായി ഒരു ബന്ധവുമില്ല. എബ്രായവാക്കായ ടോബിൻ, എന്നതിൽ നിന്നാണ് "ഗുഡ്" എന്ന ഉല്പത്തി 1:4 ലെ വാക്ക് കിട്ടിയത്. *'എലോഹിം* ദൈവം, വെളിച്ചം കണ്ട്, *ടോബിൻ*, നല്ലതു എന്നു പറഞ്ഞു "ഗോഡ്" എന്നും "ഗുഡ്" എന്നും ഉള്ള ഇംഗ്ലീഷ് വാക്കുകളുടെ തമ്മിൽ സമാനതയുണ്ടെങ്കിലും, ഇംഗ്ലീഷി ലേക്കു വന്ന എബ്രായ വാക്കുകളിൽ പൊതുവായ ഒന്നുമില്ല.

*"ഗോഡ്" എന്ന വാക്കിന്റെ അർത്ഥം ആരാധന വസ്തു എന്നാണ്* ഇംഗ്ലീഷ് ഡിക്ഷണറി "ഗോഡ്" എന്ന വാക്കിന്റെ മൂലാർത്ഥം "ആദരി ക്കുക, നമസ്കരിക്കുക" എന്നാണ്; അപ്പോൾ ഒരു ദൈവം ആരാധന വസ്തുവാണ്. അതുപോലെ *'എലോഹിം* എന്ന വാക്കിന്റെ രൂപഭേദം ആയി രിക്കുവാൻ സാധ്യതയുണ്ട് *'അലാ* (ഇസ്ലാമിൽ കാണുന്ന പേരായ "അള്ളാ" എന്നതിൽ), അതിന്റെ അർത്ഥം "ഭയത്തിൽ അങ്ങോട്ടും ഇങ്ങോട്ടും പോകുക" വാക്കിന്റെ അർത്ഥം "നമസ്കരിക്കുക" എന്നതാണ്.

"ഭയം" എന്ന വാക്കിലെ ആരംഭ ഭീതി ഭയങ്കരവും ആദരണീയനും ആയ വലിയ ആരാധ്യനിലേക്കു വരുമ്പോൾ നീങ്ങിപ്പോകുന്നതായി തോന്നും കാരണം ഒരാൾ ദൈവത്തെ ഭയപ്പെടുക എന്ന സന്ദർഭം വ്യക്ത മാക്കുന്നതു ഒരാൾ ദൈവത്തെ നമസ്കരിക്കുന്നു എന്നാണ് മോശെ എഴുതി, ''നിന്റെ ദൈവമായ യഹോവയെ മാത്രം ഭയപ്പെടേണം" (ആവർത്തനപുസ്തകം 6:13). എന്നാൽ യേശു മോശെ പറഞ്ഞതു വ്യാഖ്യാനിച്ചു കൊണ്ടു "ഭയം" എന്ന വാക്കിന്റെ സന്ദർഭത്തിലെ അർ ത്ഥത്തെ സൂചിപ്പിച്ചു പറഞ്ഞു, "നിന്റെ ദൈവമായ കർത്താവിനെ നമ സ്കരിച്ചു അവനെ മാത്രമെ ആരാധിക്കാവൂ" (മത്തായി 4:10) "ദൈവം" എന്ന വാക്ക് "ഫിയർ," *എയർ* എന്നതിൽ നിന്നു വന്നതിനാലും "ഫിയർ" എന്ന വാക്ക് ആരാധനയുടെ അർത്ഥത്തിൽ ഉപയോഗിച്ചിരിക്കയാലും "ദൈവം" എന്ന വാക്കും ആരാധന എന്ന ആശയവും തീർച്ചയായും ബന്ധപ്പെട്ടിരിക്കുന്നു.

*ആരാധ്യൻ ഏകൻ മാത്രം.* ഉല്പത്തി 1:1-ൽ ഉപയോഗിച്ചിരിക്കുന്ന തുപോലെ "ദൈവം" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നതു ആരാധ്യ നായവൻ എന്നു മാത്രമല്ല, എന്നാൽ ആരാധ്യനായി അവൻ മാത്രം എന്നു സൂചിപ്പിക്കുന്നു. ഉല്പത്തി 1:1 ലെ ആരാധ്യനായ ഏകദൈവ ത്തെ പിന്നീട് പത്തു കല്പനകളിൽ ആദ്യത്തേതായി നല്കുന്നുണ്ട്: "ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുത്" (പുറപ്പാട് 20:3). "നിന്റെ ദൈവമായ യഹോവയെ; നീ ഭയപ്പെടേണം" എന്ന പ്രസ്താവ

നയിൽ (ആവർത്തന പുസ്തകം 10:20), യേശു "മാത്രം" എന്ന വാക്കു പ്രത്യേകമായി പരിഗണിച്ചതായി മനസ്സിലാക്കുന്നു. അതിൽ അന്തർലീനമായിരിക്കുന്നതു നല്കി യേശു പറഞ്ഞു. "നിന്റെ ദൈവമായ കർത്താവിനെ മാത്രമെ നമസ്കരിച്ചു, ആരാധിക്കാവൂ" (മത്തായി 4:10) അതുകൊണ്ടു പഴയനിയമത്തിലെ ആദ്യത്തെ ദൈവികത്വ വിവരണം വായനക്കാരുടെ മനസ്സിൽ പ്രകടമാക്കുന്നതു പ്രപഞ്ചത്തിൽ ആരാധനക്കു യോഗ്യൻ ഏകൻ എന്നാണ്.

### *'എലോഹിം* എന്ന വാക്കിന്റെ ബഹുവചന ഉപയോഗം

"എസ്സ്" എന്ന അക്ഷരം ചേർത്തുകൊണ്ടിരിക്കുന്നില്ല മോശെയുടെ എഴുത്തിലെ "ദൈവം," എന്ന ഏകവചനം ബഹുവചനം ആയി എഴുതിയത് "എസ്" എന്നു ചേർത്തു ബഹുവചനമാക്കുമ്പോൾ "ഇം" എന്നു ചേർത്തു; *'എലോഹിം* എന്നാകുകയായിരുന്നു.[4] എങ്ങനെയായാലും *'എലോഹിം,* എന്നതു ഏകസത്യദൈവത്തെ സൂചിപ്പിക്കുന്നതുകൊണ്ടു, തർജ്ജിമക്കാർ എബ്രായ ബഹുവചന വാക്കിനെ ഇംഗ്ലീഷിൽ ഏകവചന വാക്കായ "ദൈവം" എന്നാക്കി. ഉല്പത്തി 1:1-ൽ സൂചിപ്പിച്ചതുപോലെ ഏകസത്യദൈവമാണോ അല്ലയോ എന്നു സന്ദർഭം വ്യക്തമാകും. എബ്രായർ 20:3 ലെ സന്ദർഭം വ്യത്യസ്തമാണ്. അവിടെ *'എലോഹിം* എന്ന വാക്കു തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്, എന്നാൽ ആ സന്ദർഭത്തിൽ ബഹുദൈവങ്ങളെയാണ് സൂചിപ്പിക്കുന്നത് ഞാനല്ലാതെ അന്യദൈവങ്ങളെയാണ് സൂചിപ്പിക്കുന്നത് "ഞാനല്ലാതെ അന്യദൈവങ്ങൾ [*'എലോഹിം*] നിനക്ക് ഉണ്ടാകരുത്."[5]

ഏക ദൈവത്തെ വിവരിക്കുന്ന പഴയനിയമത്തിൽ ബഹുവചന സൂചകത്തിൽ ദൈവം എന്ന വാക്ക് ഉപയോഗിച്ചതെന്തുകൊണ്ടാണ് പുരാതനകാലത്തു ബഹുദൈവങ്ങൾ ഉണ്ടായിരുന്നു എന്നതിന്റെ "തെളിവു" ആയി ഇവ രണ്ടും ഉപയോഗിക്കാനിടയുണ്ട്, എന്നാൽ പഴയനിയമം ശ്രദ്ധിച്ചു വായിക്കുന്ന ഒരാൾ അത്തരം ആരോപണങ്ങൾ ഉന്നയിക്കാനിടയില്ല. ഉല്പത്തി 1:1 ലെ പ്രയോഗം ''ഏകൻ'' എന്നാണ് (ആവർത്തന പുസ്തകം 6:4); അവനല്ലാതെ, "മറ്റൊരുദൈവം ഇല്ല" (യെശയ്യാവു 44:6) അതിനു പുറമെ, ഉല്പത്തി 1:1 ലെ "സൃഷ്ടിച്ചു" എന്നതു എബ്രായ വേദഭാഗത്തിൽ ബഹുവചനനാമമാണെങ്കിലും ഏകവചനമാണ് ഉള്ളത്. നന്നായി - എഴുതപ്പെട്ട വേദഭാഗം തെളിയിക്കുന്നത് ബഹുവചന നാമം സൂചിപ്പിക്കുന്നത്, ഏകദൈവത്തെയാണ്.

പുരാതന ആളുകൾക്കിടയിൽ, ബഹുവചന ഉപയോഗത്തിൽ അടങ്ങിയിരിക്കുന്നത്, അധികാരത്തെ സൂചിപ്പിക്കുന്നതായി കാണുന്നു. "കർത്താവു" എന്ന വാക്കിന്റെ ബഹുവചനം ഉല്പത്തി 42:30-ൽ യോസേഫിനെ ഉദ്ദേശിച്ചു ഉപയോഗിച്ചിരിക്കുന്നതു കാണാം. ഏക ദൈവത്തെ വിവരിക്കുവാൻ വിഗ്രഹാരാധികളായ ആളുകൾ, ഫറവോനെ പറ്റി പറയുമ്പോൾ ബഹുവചനം ഉപയോഗിച്ചിട്ടുണ്ട്. അത്തരം ബഹുവചന പ്രയോഗം സംഖ്യയെയല്ല, പിന്നെയോ, അധികാരത്തെയും - ആദരവിനെയും ആണ് സൂചിപ്പിക്കുന്നത് അതു ബൈബിളിനകത്തും പുറത്തും വ്യക്തമാണ്. ഇതു തിരിച്ചറിഞ്ഞാൽ പ്രപഞ്ച സൃഷ്ടികർത്താവിനെ ബഹുവ

ചന രൂപത്തിൽ വിവരിച്ചിരിക്കുന്നതിൽ അതിശയിക്കുകയില്ല. ദൈവത്തെ സൂചിപ്പിക്കുന്ന മറ്റു പദവികളെയും ബഹുവചനരൂപത്തിൽ കാണാം. ഇന്നു "കർത്താവു" എന്ന വാക്കും തർജ്ജിമ ചെയ്തിരിക്കുന്നതെങ്കിലും വാസ്തവമാണ് (ഉല്പത്തി 15:2), "പരിശുദ്ധൻ" (സദൃശ്യ വാക്യങ്ങൾ 9:10), "സൃഷ്ടാവു" (സഭാപ്രസംഗി 12:1), "സൃഷ്ടാവു" (യെശയ്യാവു 54:5).

ദൈവികത്വത്തെക്കുറിച്ചുളള ഉപദേശം വിലയേറിയതാകുന്നു. പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള തീർച്ചയുള്ളതുമാണ് ഉല്പത്തി 1:2 ലേക്ക്, പരോക്ഷമായി ക്രിസ്തുവിനെ പ്രതിപാദിക്കുന്നവയാണ് ഉല്പത്തി 1:26; 3:22; 11:7 (യോഹന്നാൻ 1:1-3 നോക്കുക). എങ്ങനെയായാലും ഇപ്പോൾ ലഭിച്ചിരിക്കുന്ന വിവരങ്ങൾ അനുസരിച്ചു ഉല്പത്തി 1:1 ലെ ബഹുവചന രൂപം ദൈവികത്വത്തെ സൂചിപ്പിക്കുന്നു. മറിച്ചു, ബഹുവചനരൂപം സൂചിപ്പിക്കുന്നതു മഹത്വവും ബഹുമാനവും വലിയ സൃഷ്ടി കർത്താവു എന്നാണ്.

**സൃഷ്ടിക്കുന്ന ദൈവം**

ദൈവികത്വത്തെക്കുറിച്ചുളള ആദ്യ ബൈബിൾ വിവരണം, *'എലോഹിം* എന്ന വാക്കുമായി ബന്ധപ്പെട്ടു "ഉണ്ടാക്കുക," എന്ന അർത്ഥം വരുമ്പോൾ അതിന്റെ വിഷയത്തിൽ: *ബാരാ* യിൽ ഒരിക്കലും മനുഷ്യൻ വരുന്നില്ല. ദൈവം സൃഷ്ടിച്ച വസ്തുക്കളെ ക്രമപ്പെടുത്തുവാനും രൂപപ്പെടുത്തുവാനും, ഭംഗിയാക്കുവാനും മാത്രമെ മനുഷ്യനു കഴിയു; എന്നാൽ ദൈവത്തിനുമാത്രമേ സൃഷ്ടിക്കുവാൻ കഴിയൂ (നോക്കുക യെശയ്യാവു 65:17; ആമോസ് 4:13). സാധനങ്ങളായ മേശ തുടങ്ങിയവ മരംകൊണ്ട് പണിയുവാൻ മനുഷ്യർക്കു കഴിയും, എന്നാൽ "മരം ഉണ്ടാക്കുവാൻ ദൈവത്തിനു മാത്രമെ കഴിയൂ."

ദൈവം വസ്തുക്കളുമായിട്ടാണ് സൃഷ്ടി നടത്തിയത് എന്നു ഉല്പത്തിയിലെ സൃഷ്ടി വിവരണങ്ങൾ പറയുന്നില്ല ദൈവം മനുഷ്യനെ രൂപപ്പെടുത്താൻ വസ്തുക്കൾ പ്രവർത്തിച്ചതായി ("പൊടി") മനുഷ്യശരീരങ്ങളെ രൂപപ്പെടുത്തി (ഉല്പത്തി 2:7) മൃഗങ്ങളെയും ഉണ്ടാക്കി (ഉല്പത്തി 2:19), പ്രവർത്തിച്ചിട്ടുണ്ട്, എന്നാൽ ഭൂമിയും മണ്ണും ഉണ്ടാക്കുവാൻ ദൈവം ഒരു വസ്തുവും ഉപയോഗിച്ചിട്ടില്ല. ഒന്നുമില്ലായ്മയിൽ നിന്നാണ് ദൈവം സൃഷ്ടി നടത്തിയത്. അവൻ സംസാരിച്ചു, അവൻ കല്പിച്ചു; അത് നിലവിൽ വന്നു (സങ്കീർത്തനങ്ങൾ 33:6; എബ്രായർ 11:3) സൃഷ്ടിക്കുകയും രൂപപ്പെടുത്തുകയും ചെയ്തു, ദൈവത്തിന്റെ ആ പ്രവർത്തിയെ *ബോറ*, "സൃഷ്ടികർത്താവു" എന്നു വിളിച്ചിരിക്കുന്നു (യെശയ്യാവു 40:28); *'ഓസേ,* "നിർമ്മാതാവു" (യെശയ്യാവു 54:5); *യോട്ട്സർ,* "ജയിച്ചവൻ അല്ലെങ്കിൽ രൂപപ്പെടുത്തിയവൻ" ("ഉണ്ടാക്കിയവൻ"; യെശയ്യാവു 45:11).

ഉല്പത്തി 1:1 ലെ *'എലോഹിം* എന്നതു സൂചിപ്പിക്കുന്നതു ആരാധ്യനായവന്റെ ഏക ആരാധ്യൻ, സകല അധികാരവും, മാനവും, മഹത്വവും ഉളളവൻ ആയിട്ടാണ്; ഒന്നുമില്ലായ്മയിൽ നിന്നു ലോകത്തെയും മനുഷ്യനെയും സൃഷ്ടിച്ചവൻ അത് ദൈവത്തെക്കുറിച്ചുളള ഈ വിവ

രണങ്ങൾ നമ്മുടെ ഹൃദയത്തിൽ ദൈവത്തോടു ആദരവും അനുമോദനവും വരുത്തുന്നു "വരുവിൻ, നാം വണങ്ങി നമസ്കരിക്ക നമ്മെ നിർമ്മിച്ച യഹോവയുടെ മുമ്പിൽ മുട്ടു കുത്തുക" (സങ്കീർത്തനങ്ങൾ 95:6).

### ഹാ *'എലോഹിം* : "ഏക ദൈവം"

ഉല്പത്തി 5:22-ൽ മോശെ പ്രത്യേകമായി പറഞ്ഞതു ഹാനോക്ക് ഹാ *'എലോഹിം* നോടു കൂടെ നടന്നു എന്നതിന്റെ അക്ഷരിക അർത്ഥം "ഏക ദൈവം എന്നാണ്." എബ്രായ പുസ്തകത്തിൽ "ദ"എന്ന വാക്ക് "ദൈവം" എന്ന വാക്കിനു മുൻപു പ്രത്യക്ഷമാകുമ്പോൾ, അന്തർലീനമായ അർത്ഥം സാധാരണ "ദ [ഏക സത്യ ജീവനുള്ളവൻ] ആയ ദൈവം."

"ദൈവം" എന്ന വാക്കു വരുന്നതിനു മുമ്പ് ബൈബിളിൽ "ദ" എന്നവാക്ക് ഉണ്ടാകും. എഴുപത്തി ഒന്നു പ്രാവശ്യം സൂചിപ്പിക്കുന്നത് ദൈവികത്വത്തെയാണ്. ദൈവത്തിനു എഴുപത്തി - രണ്ടാം വാക്യത്തിൽ ഉപയോഗിച്ചിരിക്കുന്ന ദ എന്ന ഡെഫനിറ്റ് ആർട്ടിക്കിൾ ഉപയോഗിച്ചിരിക്കുന്നതിനു ചില നല്ല കാരണങ്ങളുണ്ട്.

സൃഷ്ടിയുടെ ആരംഭത്തിൽ വിഗ്രഹങ്ങൾ, രൂപങ്ങൾ, മറ്റു തെറ്റായ ദൈവങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല, പക്ഷെ മനുഷ്യന്റെ വിസ്തൃതമായ പരാജയമായി വിഗ്രഹാരാധന കടന്നുവന്നു. ഹാനോക്ക് സേവിച്ച ദൈവത്തെക്കുറിച്ചു മോശ പ്രത്യേകമായി സൂചിപ്പിക്കുന്നു, ഹാനോക്കിനു ജീവനുള്ള ഏക സത്യ ദൈവത്തിലുള്ള വിശ്വാസത്തെ ആദരിച്ചു എഴുതി. ദൈവം എന്ന ഡെഫനിറ്റ് ആർട്ടിക്കിൾ വരുന്നതു കൊണ്ടു സൂചിപ്പിക്കുന്നു, ഹാനോക്കിന്റെ സമയമായപ്പോഴേക്കും, വിഗ്രഹാരാധന വലിയ ഒരു പ്രശ്നം തന്നെയായി. മറ്റുള്ളവർ എന്തു ചെയ്താലും, ഹാനോക്കിനു ജീവനുള്ള ഏകവസ്തു ദൈവത്തിലുള്ള വിശ്വാസത്തെ ആദരിച്ചു എഴുതി. "ദൈവം" എന്ന വാക്കിനു മുൻപു ദ എന്ന ഡെഫനിറ്റ് ആർട്ടിക്കിൾ വരുന്നതുകൊണ്ടു സൂചിപ്പിക്കുന്നതു അതു ആദാമിനു ആയിരക്കണക്കിനു വർഷങ്ങൾക്കുശേഷമാണ്, ബഹു ദൈവത്തിൽ നിന്നു എട്ടാം നൂറ്റാണ്ടിൽ കടന്നു വന്നതാണ് ഏക ദൈവവാദം എന്ന ആരോപണമുണ്ട്. എന്നാൽ ആ ഉപയോഗം സൂചിപ്പിക്കുന്നതു ഏക ദൈവവാദം ആരംഭത്തിൽ ഉണ്ടായിരുന്നു എന്നും പക്ഷെ പിന്നീടാണ് ബഹുദൈവവാദം കടന്നു വന്നതു എന്നു തെളിയുന്നു.

ഹാ *'എലോഹിം* എന്നതിന്റെ ആദ്യ ഉപയോഗം ശേഷം ഉടനെ, ഉല്പത്തിയിൽ ആദ്യത്തെ അദ്ധ്യായത്തിൽ തന്നെ ആ പദപ്രയോഗം പുന: പ്രത്യക്ഷപ്പെടുന്നുണ്ട് ഹാനോക്കിന്റെ മൂത്ത-ചെറിയ മകന്റെ കാലത്തുണ്ടായ സംഭവവുമായി ബന്ധപ്പെട്ടു മോശെ വീണ്ടും "ദൈവം"- എന്ന വാക്കിനു മുൻപു ഡെഫനിറ്റ് ആർട്ടിക്കിൾ ഉപയോഗിച്ചിരിക്കുന്നത് വീണ്ടും സ്പഷ്ടമായ പ്രാധാന്യം കൊടുത്തുകൊണ്ടാണ്. ഹാ *'എലോഹി* മിന്റെ മക്കൾ, വിഗ്രഹാരാധന നിരസിച്ചകാര്യം ഏക ദൈവത്തോടുള്ള മറ്റൊരു തെറ്റിലേക്കു പോകുകയും ചെയ്തു: അവർ ബഹുഭാര്യാത്വത്തിലേക്കു തിരിഞ്ഞു. ഒന്നിലധികം ദൈവത്തെ നിരസിച്ചവർ പല ഭാര്യമാരെ വിവാഹം കഴിക്കുന്നതു നിരസിച്ചില്ല ഏക ഭാര്യയെ

സ്വീകരിച്ചു ഏക ദേഹമായിത്തീരണം എന്ന ദൈവകല്പനയെ അവർ ലംഘിച്ചു അനവധി ഭാര്യമാരുമായി ഏകദേഹമായിത്തീരാൻ ആണ് അവർ ശ്രമിച്ചത്.

എബ്രായ വേദ പുസ്തകത്തിൽ അന്തർലീനമായിരിക്കുന്നത് ശ്രദ്ധയോടെ പരിശോധിച്ചാൽ, ഏകദൈവത്തിൽ നിന്നാണ് ബഹുദൈവങ്ങളിലേക്കു തിരിയരുത്, അല്ലാതെ മറിച്ചല്ല എന്നു വ്യക്തമാക്കുക. വിഗ്രഹാരാധന പ്രചാരത്തിലിരുന്നിട്ടും ഹാനോക്ക് ഏകസത്യദൈവത്തിൽ ഉറച്ചുനിന്നു എന്ന ശക്തമായ സൂചനയാണ് നമുക്കു കിട്ടുന്നത്. പിന്നീട്, നോഹയുടെ സമയത്ത് ഉപദേശത്തിൽ സത്യ ദൈവത്തെ പിടിച്ച ചിലർ, ധാർമ്മികത്തിൽ അവനെ മുറുകെപിടിച്ചില്ല.

### *’എൽ ’എലിയോൺ*: “അത്യുന്നതനായ ദൈവം”

ദൈവികത്വത്തെക്കുറിച്ചുള്ള മറ്റൊരു വിവരണം ഉല്പത്തി 14:18-ൽ നാം കാണുന്നു: “ശാലേം രാജാവായ മൽക്കീസേദക്ക് അപ്പവും വീഞ്ഞും കൊണ്ടു വന്നു; അവൻ അത്യുന്നതനായ [*’എൽ ’എലിയോൺ*] ദൈവത്തിന്റെ പുരോഹിതനായിരുന്നു.”

ബൈബിളിലെ വേദഭാഗത്ത്, ഇവിടെയാണ് ആദ്യമായി ദൈവികത്വത്തെ *’എൽ* എന്നു പറഞ്ഞിരിക്കുന്നത്. ഒരു പക്ഷെ, മൂലാർത്ഥം ആകാം “ശക്തമായ” അല്ലെങ്കിൽ “ശക്തിയുള്ള ഒന്ന്” കാരണം ദൈവത്തിന്റെ ശക്തി നിമിത്തം, ഈ വാക്കിനു “ദൈവം” എന്ന് അർത്ഥം വന്നു ആദ്യം പഴയനിയമത്തിൽ ദൈവികത്വം *’എലോഹിം*, എന്നതിന്റെ അർത്ഥം ദൈവത്തെ സൂചിപ്പിക്കുന്നു, എന്നാൽ അതു ദൈവത്തിന്റെ ശക്തിയെ കുറിക്കുന്നു.

ഉല്പത്തി 14:18-ൽ ദൈവത്തോടുകൂടി *’എൽ,* എന്നു ചേർത്തിരിക്കുന്നതു കാണുന്നു, അതു ദൈവനാമത്തെ വിവരിക്കുന്ന ഒന്നാണ്, അർത്ഥം “ശക്തനായവൻ”: *’എലിയോൺ. ’എലിയോൺ* എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്, ഉയർന്ന, മഹത്വമുള്ള, അത്യുന്നതൻ, പരമോന്നതൻ എന്ന അർത്ഥത്തിലാണ്. അപ്പോൾ, പിന്നെ സ്പഷ്ടമായും ഈ പഴയ നിയമ ദൈവികത്വവിവരണം ശക്തനായവൻ അത്യുന്നതനായവനായിട്ടാണ്.

ദൈവം ഉയർന്നതും വിശുദ്ധവുമായ സ്ഥലത്താണ് വസിക്കുന്നതെങ്കിലും (യെശയ്യാവു 57:15; 66:1), ഉല്പത്തി 14:18 അവനെ പറയുന്നതു ഒരു ദേശീയ നായകൻ, ഒരു കല്പിക്കുന്ന - മുഖ്യനായ - ഒരു വ്യക്തിയായിട്ടാണ് അങ്ങനെ ദൈവം ഒരു പൂർണ്ണ പരമാധികാരിയായി പ്രതിനിധീകരിച്ചിരിക്കുന്നു.

ദൈവത്തെ ആദ്യമായി *’എൽ ’എലിയോൺ* “അത്യുന്നതനായവൻ,” എന്നു പറഞ്ഞിരിക്കുന്നതു വിരൽ ചൂണ്ടുന്നതു രണ്ടു മേഖലകളിൽ ശക്തനായവൻ പരമാധികാരിയാണ് എന്നതിലേക്കാണ്. ആകാശവും ഭൂമിയും അവകാശമാക്കിയ ഉടമസ്ഥൻ എന്ന നിലയിൽ ദൈവത്തെ നാം സ്തുതിക്കുന്നു. ഒരു പരമോന്നത നായകനു, 318 പൗരന്മാരെ മാത്രം പടയാളികളായി ഉപയോഗിച്ചു നാലു രാജാക്കന്മാരുടെ സൈന്യത്തെ തോല്പിക്കുവാൻ കഴിഞ്ഞു (ഉല്പത്തി 14:14-16).

ശരിയായ സ്ഥലത്ത് ദൈവത്തെ ചുരുക്കമായും കൃത്യമായും ശരി

യായും വിവരിച്ചിരിക്കുന്നു തന്റെ തന്നെ സ്വത്തിൽ ശക്തനായ പരമാധികാരമുണ്ട് - ആകാശവും അതിൽ വസിക്കുന്നവ എല്ലാം മത്സരിച്ചനാലു രാജാക്കന്മാരുടെ സൈന്യത്തിനു അവനെ നിരാശപ്പെടുത്തുവാനോ തോല്പിക്കുവാനോ കഴിഞ്ഞില്ല.

### *'ഏൽ ശദായി:*
### "സർവ്വ ശക്തനായ ദൈവം"

തന്റെ ശക്തിയെ വിവരിക്കുന്നതിനായി കർത്താവു അബ്രാമിനു വെളിപ്പെടുത്തുന്ന മറ്റൊരു വാക്ക് ഉപയോഗിച്ചിട്ടുണ്ട് ഉല്പത്തി 17:1-ൽ ഈ പ്രയോഗം ആദ്യമായിക്കാണുന്നു *'എൻ ശദായി,* സർവ്വ ശക്തനായ ദൈവം.

ദൈവം തന്നെ ശദായി എന്നു വിവരിച്ചിരിക്കുന്നു അല്പം പ്രയാസം വരുത്തുന്നതിന്റെ കാരണം ആ വാക്ക് ക്രിയാരൂപമായ ദൈവം "അക്രമമായി നേരിടും, നശിപ്പിക്കുക, ശൂന്യമാകുക" എന്നതിൽ നിന്നു വരുന്നതാണ്. എങ്ങനെയായാലും, ആദ്യമായി ശദായി ഉപയോഗിച്ച സന്ദർഭം അക്രമത്തെയോ നാശത്തെയോ കാണുന്നില്ല അതു ദൈവം പറഞ്ഞു ചെയ്യുവാൻ കഴിയുമെന്നു സൂചിപ്പിക്കുന്നത് ചെയ്യുന്നത് ആ സന്ദർഭത്തിൽ, നൂറു - വയസ്സുള്ള - പിതാവിനു എൽ ശദായി ഒരു മകനെ കൊടുക്കുവാൻ കഴിയും, മച്ചിയായ (യെശയ്യാവു 54:1) തൊണ്ണൂറു - വയസ്സു - പ്രായമുള്ള അമ്മയും, അബ്രഹാമിൽ നിന്നും സാറയിൽ നിന്നും ഒരു ജാതി ഉണ്ടാകുന്നു. പിന്നെ *'എൽ 'ശദായി* വാഗ്ദാനം ചെയ്തു, "നിങ്ങളെ ഞാൻ വർദ്ധിപ്പിക്കുകയും ഒരു വലിയ ജാതി ആക്കുകയും നിങ്ങളിൽ നിന്നു രാജാക്കന്മാരെ എഴുന്നേല്പിക്കുകയും ചെയ്യും" (ഉല്പത്തി 17:6).

*ശദായി* എന്ന വാക്ക് ചോദ്യം ചെയ്യാനാവാത്ത വിധം ശക്തിയേയും അധികാരത്തെയും സൂചിപ്പിക്കുന്നു, എന്നാൽ സ്പഷ്ടമായും അതു എപ്പോഴും ശൂന്യമാക്കുന്നതായോ, നശിപ്പിക്കുന്നതായോ സൂചിപ്പിക്കുന്നില്ല. വചനത്തിൽ നിന്ന് ആ വാക്ക് ആദ്യം ഉപയോഗിച്ചിരിക്കുന്നതിന്റെ തർജ്ജിമ സാധാരണ നല്കിയിരിക്കുന്നത്: "സർവ്വ ശക്തൻ" എന്നാണ്. ദൈവത്തിന്റെ ശക്തിയോളം വലിയ ശക്തി മറ്റൊന്നില്ല. കീഴിലുള്ള എല്ലാ ശക്തിയും അല്ലെങ്കിൽ ഭൂമിയുടെ മേലിൽ ഉള്ളതെല്ലാം അവനെ ആശ്രയിച്ചാണിരിക്കുന്നത്, അബ്രാമിനോടു, "ഞാൻ സർവ്വ ശക്തനായ ദൈവം ആകുന്നു" എന്ന അനുവാദത്തിൻ കീഴിൽ, കീഴ്പ്പെട്ടിരിക്കുന്നു.

ദൈവം സർവ്വശക്തൻ ആണെന്ന് അറിഞ്ഞുകൊണ്ട്, *'എൽ ശദായി* നല്കിയ ഉറപ്പിൽ, അബ്രാം ആശ്വാസം കൊണ്ടു. ദൈവം വാഗ്ദാനം നിറവേറ്റും എന്നു അബ്രാം അറിഞ്ഞിരുന്നു. അതുകൊണ്ടു "മരിച്ചവരെ ജീവിപ്പിക്കുകയും ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കുകയും ചെയ്യുന്നവനായി," താൻ "ബഹുജാതികൾക്കു പിതാവാകുമെന്നു അവൻ ആശക്കുവിരോധമായി ആശയോടെ വിശ്വസിച്ചു" (റോമർ 4:17, 18).

പല വൈഷമ്യങ്ങളുണ്ടായിട്ടും രണ്ടായിരം വർഷങ്ങൾ പിന്നിട്ടിട്ടും, താൻ അബ്രഹാമിനെ അനേകജാതികൾക്കു പിതാവാക്കും എന്ന

അവന്റെ ആരാഞ്ഞുകൂടാത്ത വാഗ്ദാനം നിറവേറ്റുന്നു ഒരിക്കലും മറക്കുകയോ, അതിൽ നിന്നു മാറുകയോ ചെയ്തില്ല. ക്രിസ്തുവിനുള്ളവരായ, അവന്റെ, രക്തബന്ധത്തിലുള്ളവർ, അബ്രഹാമിന്റെ സന്തതിയും അവകാശികളും ആകുന്നതു ആ വാഗ്ദാന പ്രകാരം ആകുന്നു. (ഗലാത്യർ 3:26-29) ദൈവം തന്നെത്തന്നെ *'എൽ ശദായി*, "സർവ്വ ശക്തനായ ദൈവം" എന്നു വെളിപ്പെടുത്തി.

### *'എൽ 'ഒലാം*: "എന്നേക്കുമുള്ളവനായ ദൈവം"

ശക്തിയുള്ളവൻ ആയിരുന്നതുപോലെ, ദൈവം സമയത്തിലും പരിമിതിയില്ലാത്തവൻ ആകുന്നു. ഇതു ഉല്പത്തി 21:33-ൽ അവനെ പറ്റി കൊടുത്തിട്ടുള്ള പേരിൽ കാണാം: *'എൽ 'ഒലാം*, "നിത്യ ദൈവം."

*'ഒലാം* ക്രിയാരൂപത്തിൽ നിന്നു വരുന്ന വാക്കാണ്, അർത്ഥം "ഒളിക്കുക, മറക്കുക." തത്വത്തിൽ, *'ഒലാം* എന്നതിനു "മറഞ്ഞിരിക്കുന്ന സമയം," "ഒരു അനിശ്ചിത കാലം," അല്ലെങ്കിൽ "പരിധിയില്ലാത്ത സമയം." *'ഒലാം* സമയം എത്ര പരിധിയില്ലാത്തതാണെന്നു സന്ദർഭം നിർണ്ണയിക്കും.

### ചിലപ്പോൾ *'ഒലാം* പരിധിയുള്ളതാകുന്നു

*'ഒലാം* എന്നതിന്റെ ഏതാണ്ടു എല്ലാ ഉപയോഗ സ്ഥാനത്തും, അതിന്റെ അർത്ഥത്തിൽ എന്തു പരിധിയാണ് ഉള്ളതെന്നു വ്യക്തമാണ്. ഉദാഹരണമായി, സംഖ്യാ പുസ്തകം 10:8-ൽ അഹരോന്യ പുരോഹിതന്മാർ കാഹളം ഊതുന്നതിനെക്കുറിച്ചു പറയുമ്പോൾ *'ഒലാം* എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട് ("നിത്യവും" എൻഎഎസ്ബി). ആ ചട്ടം പ്രഖ്യാപിച്ചതു മുതൽ അഹരോൻ പുരോഹിതൻമാർ നിന്നു പോകുന്നതുവരെ അങ്ങനെയായിരുന്നു. അതുപോലെതന്നെ വിശുദ്ധ സ്ഥലത്തു മുൻപിൽ കയ്യും കാലും ഒരു പാത്രത്തിൽ കഴുകിയിരുന്ന (പുറപ്പാട് 30:21). *'ഒലാം* എന്നു കല്പിച്ചിരുന്നു (എന്നേക്കും, നിരന്തരമായി); എന്നാൽ പാത്രം, വിശുദ്ധസ്ഥലം, പൗരോഹിത്യം എന്നിവ നൂറ്റാണ്ടുകളായി നിന്നു പോയിരുന്നു.

അതുപോലെ, പരിച്ഛേദനയും (ഉല്പത്തി 17:13; കൂടാതെ ഗലാത്യർ 6:15) ശബ്ബത്ത് ദിവസം (പുറപ്പാട് 31:16; കൂടാതെ കൊലൊസ്യർ 2:16), ദലും (എന്നന്നേക്കുമുള്ളവൻ) ആയിരുന്നു. യോന മത്സ്യത്തിനുള്ളിൽ താമസിച്ചിരിക്കുന്നതും (യോനാ 2:6) അതുകൊണ്ടു, ചിലപ്പോൾ, സന്ദർഭം തന്നെ *'ഒലാം* ചെറിയ - കാലമാണോ എന്നു വ്യക്തമാക്കും.

### ദൈവത്തിനു ഒരു പരിധിയുമില്ല

നിത്യ ദൈവമായ *'എൽ 'ഒലാമി*നു എവിടെയും ഒരു പരിധിയും ഇല്ല. നിത്യതയിൽ വസിക്കുന്നവനാണ്. അവൻ അനാദിയായും ശാശ്വതമായും ഉള്ളവൻ അത്രേ (യെശയ്യാവു 57:15), അവൻ അനാദിയായും ശാശ്വതമായും ഉള്ളവൻ അത്രേ (സങ്കീർത്തനങ്ങൾ 90:1, 2),

അമർത്യതയുള്ളവനുമത്രെ (1 തിമൊഥെയൊസ് 6:16)! അവൻ അനാദിയായും ശാശ്വത പാറ (യെശയ്യാവു 26:4) യും (ദാനിയേൽ 7:9).

**ദൈവത്തിന്റെ ഗുണങ്ങൾക്കും പരിധിവെക്കുവാൻ സാധ്യമല്ല**

ദൈവത്തിനു പരിധിയില്ലാത്തതു പോലെ അവൻ *'ഒലാം* (എന്നേക്കുമുളള) സ്വഭാവഗുണങ്ങളും ഇരിക്കുന്നു അവന്റെ പേരും (പുറപ്പാട് 3:15), അവന്റെ സ്നേഹവും (യിരെമ്യാവു 31:3), അവന്റെ ദയ (സങ്കീർത്തനങ്ങൾ 103:17), അവന്റെ തേജസ്സ് (സങ്കീർത്തനങ്ങൾ 104:31), അവന്റെ സത്യം (സങ്കീർത്തനങ്ങൾ 117:2), അവന്റെ നീതിയും (സങ്കീർത്തനങ്ങൾ 119:142) എന്നേക്കും ഉളളതാണ്.

**അവന്റെ പുത്രനിലും പരിധിവെക്കാനില്ല**

പിതാവായ ദൈവത്തെപോലെ തന്നെ, അവന്റെ പുത്രനും, പുരാതനമേയുളളതും, *'ഒലാം* എന്നേക്കും ഉളളതുമാണ് (മീഖാ 5:2). യേശുക്രിസ്തുവിനെത്തന്നെ "നിത്യ പിതാവു" എന്നു വിളിച്ചിരിക്കുന്നു (യെശയ്യാവു 9:6), അവസാനിക്കാത്ത വർഷത്തോളം ഉള്ളവൻ (എബ്രായർ 1:10-12) അവൻ ഇന്നലെയും, ഇന്നും, എന്നേക്കും അനന്യൻ തന്നെ (എബ്രായർ 13:8).

നിത്യത ക്രിസ്തുവിനുള്ളതാണെന്നതു പിതാവു/പുത്ര ഭാഷ ചിത്രീകരണമായി മാത്രം വരുന്നു, കാരണം ഒരു പുത്രൻ ആണെങ്കിൽ, മാനുഷ കാഴ്ച്ചപ്പാടിൽ ഒരു ദൈവിക അമ്മയും ആവശ്യമാണ്. ഭൗതിക യേശുവിന്റെ അമ്മയായിരുന്നു മറിയ എങ്കിലും, *ലോഗോസ്* പോലെ, വചനം ദൈവം ആയിരുന്നു, അവൻ മറിയക്കു മുൻപു ഉണ്ടായിരുന്നു (യോഹന്നാൻ 1:1-3).

അതുകൊണ്ടു, പിതാവു/പുത്ര ബന്ധം ആലങ്കാരികമായി എടുക്കേണ്ടതുണ്ട്. ക്രിസ്തുവിനെ "എന്നേക്കുമുളള ഏകജാതൻ"എന്നു പറയുന്നതു വൈപരീത്യമുളവാക്കും വാസ്തവത്തിൽ, ഇംഗ്ലീഷിൽ ഒരു "ജാതൻ" എന്നു തെറ്റായ തർജ്ജിമയാണ്.[6] കൂടാതെ, ദൈവത്വം ഒരു മാനുഷ്യ കുടുംബം പോലെ, പരിശുദ്ധാത്മാവിനു ആ കുടുംബത്തിലുളള സ്ഥാനം അജ്ഞാതമാണ്. അതുകൊണ്ടു കുടുംബപരമായ ഭാഷ ഇവിടെ ചിത്രീകരണമായി എടുക്കണം, അല്ലെങ്കിൽ ക്രിസ്തുവിനു സമയപരിധി കൊടുത്തു പോകും.

**ദൈവം തരുന്ന ജീവനും പരിധിവെക്കുവാനാവില്ല**

ഏദെൻ തോട്ടത്തിൽ നിന്നു പുറത്താക്കപ്പെട്ട മനുഷ്യജീവിതം പരിമിതിയിലുളളതായി. "അവനു പിന്നെ ജീവ വൃക്ഷത്തിൽ നിന്നു ഫലം പറിച്ചു ... തിന്നു," എന്നേക്കും ജീവിക്കുവാൻ പറ്റാതായി (ഉല്പത്തി 3:22) എന്നേക്കും ജീവിക്കുന്ന യേശുക്രിസ്തു, പരിധിയില്ലാതെ, മനുഷ്യരെ പുനരേകീകരിച്ചു; വീണ്ടും അവനു ജീവവൃക്ഷത്തിൽ നിന്നുളള ഫലത്തിനു അവസരം കൈവന്നു, അതു ദൈവത്തിന്റെ പറുദീസയിലാണ് (വെളിപ്പാട് 2:7) അവസാന നാളിൽ ഉയർക്കുന്നവർക്കാണ് അത്തരം ജീവിതം ലഭിക്കുന്നത് (യോഹന്നാൻ 6:40) ദൈവം തന്റെ

പുത്രനിൽ വെച്ചിരിക്കുന്ന നിത്യ ജീവൻ (1 യോഹന്നാൻ 5:11), പുത്രനെ പോലെ തന്നെ നിത്യമാണ് അവസാനിക്കാതെ ജീവൻ (ലൂക്കൊസ് 20:36; കൂടാതെ യോഹന്നാൻ 3:16), അഴിഞ്ഞുപോകാത്തതും അമർത്യനുമാണ് (റോമർ 2:7; 1 കൊരിന്ത്യർ 15:51–55).

**അനുസരിക്കാത്തവരുടെ ദു:ഖ കാലയളവിലും പരിധി വെക്കുവാനാവില്ല**

സത്യം അനുസരിക്കാത്തവരുടെ മേലുള്ള ശിക്ഷയും അവരുടെ ദു:ഖ കാലയളവിനും പരിധിയില്ല (റോമർ 2:8). ദൈവത്തോടുകൂടിയ സ്വർഗ്ഗീയ വാസം "എന്നേക്കും," സുഖകരമായിരിക്കുന്നതുപോലെ തന്നെയാണ് പിശാചും അവന്റെ ദൂതൻമാരും നരകത്തിൽ അനുഭവിക്കുന്ന യാതന (മത്തായി 25:41, 46; 2 തെസ്സലൊനിക്യർ 1:6–9). മനുഷ്യൻ നരകകാലയളവിനു പരിധിവെച്ചിട്ടുണ്ട് എങ്കിലും, സ്വർഗ്ഗത്തിനു അവൻ അതു വെച്ചിട്ടില്ല. എന്നാൽ ബൈബിൾ പഠിപ്പിക്കുന്നത് സ്വർഗ്ഗത്തിനും നരകത്തിനും ഒരേ കാലയളവാണ്. ദുഷ്ടരായ ആളുകളെ, കൊമ്പും വേരും ശേഷിക്കാതെ മരത്തെ കത്തിക്കുന്നതുപോലെ ദഹിപ്പിക്കും (മലാഖി 4:1), അക്ഷരികമായി എടുത്താൽ തീർച്ചയായും ധനവാനായ മനുഷ്യൻ അനുഭവിക്കുന്ന യാതനാ ചരിത്രത്തെ നിഷേധിക്കുവാൻ നിർബ്ബന്ധിതനാകും (ലൂക്കൊസ് 16). മരണശേഷം ശരീരനാശമാണുണ്ടാകുന്നതു, പക്ഷെ ആത്മാവിനു നാശം ഇല്ല. നരകത്തിൽ ചെലവഴിക്കുന്ന സമയം ഒരാൾ ചുരുക്കിയാൽ സ്വർഗ്ഗത്തിലെ സമയവും ചുരുക്കേണ്ടിവരും.

*'ഒലാം*, ''എന്നേക്കും'' എന്ന വാക്ക് ചില സന്ദർഭത്തിൽ പരിധിയുള്ളതായി വിവരിക്കുന്നു എന്നു തിരുവെഴുത്തു വ്യക്തമാക്കുന്നു. എങ്ങനെയായാലും, ദൈവത്തിന്റെ അസ്തിത്വത്തിലും, ക്രിസ്തുവിലും, ദൈവത്തിന്റെ സ്വഭാവത്തിലും അവൻ നല്കുന്ന ജീവനിലും അല്ലെങ്കിൽ അവൻ കൊടുക്കുന്ന ശിക്ഷയിലും ഒരു പരിധിയുമില്ല, അബ്രഹാം നിത്യദൈവത്തിനു ഒരു യാഗപീഠം പണിതു, അവനു, അവനിൽ ഉള്ള വിശ്വാസം മൂലം ശ്രേഷ്ഠമായ ദേശത്തു - ശാശ്വതമായിരിക്കും അതായതു സ്വർഗ്ഗത്തിൽ (എബ്രായർ 11:14, 15).

---

കുറിപ്പുകൾ

[1]*ദൈവവുമായി* അടുക്കൽ എന്ന പുസ്തകത്തിൽ സഹോദരൻ മെക്ക് കോർഡ് തന്റെ വിപുലമായ എബ്രായഭാഷാജ്ഞാനം ഉപയോഗിച്ചു വായനക്കാരെ ദൈവത്തോടു അടുപ്പിക്കുന്നതു ബൈബിളിൽ ഏകസത്യ ദൈവത്തെ പറഞ്ഞിരിക്കുന്ന വിവിധ പേരുകൾ പരിശോധിച്ചുകൊണ്ടാണ്. പുസ്തകത്തിൽ ഈ ഭാഗത്തിൽ തരം തിരിച്ചു സംഘടിപ്പിച്ചിരിക്കുന്ന പേരുകൾ ദൈവം എന്ന വാക്ക് പഠിക്കുവാൻ നിങ്ങളെ സഹായിക്കും എന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. [2]സി. ആൽ. സിയോവ്, *എ ഗ്രാമർ ഫോർ ബിബിളിക്കൽ ഹീബ്രു* (നാഷ് വില്ലെ, അബിങ്ഡൻ പ്രെസ്, 1986), 18l2. [3] *'എലോഹിം* ("ഗോഡ്സ") എന്ന രൂപഭേദം ആരാധ്യവസ്തുവിനെയാണ് വിരൽ ചൂണ്ടുന്നതെങ്കിലും, ആ വാക്ക് ദൂതന്മാരെയും ഉപയോഗിച്ചു വരുന്നുണ്ട് (സങ്കീർത്തനങ്ങൾ 8:5 ഉം എബ്രായർ 2:7 ഉം താരതമ്യം ചെയ്യുക), മാനുഷന്യായാധിപന്മാരെയും (പുറപ്പാട് 22:8, 9, 28; 1 ശമുവേൽ 28:13), മനുഷ്യരേയും

ഉപദേശിച്ചു പറഞ്ഞിട്ടുണ്ട് (സങ്കീർത്തനങ്ങൾ 82:6; യോഹന്നാൻ 10:34). [4]"ഗോഡ്" എന്ന വാക്കിന്റെ ഏകവചനം, *'എലോഹ്,* പഴയ നിയമത്തിൽ അപൂർവ്വമായിട്ടേ ഉള്ളു, അതു 57 പ്രാവശ്യമേ ഉള്ളു, എന്നാൽ ബഹുവചനം ആയ *'എലോഹിം* 2,570 പ്രാവശ്യം വരുന്നുണ്ട്. [5]കെജെവിയിൽ "കെരൂബ്" എന്ന വാക്ക് എബ്രായ ഭാഷയിലും ഇംഗ്ലീഷിലും കെരൂബുകൾ എന്ന് ബഹുവചനത്തിലാണ് കൊടുത്തിരിക്കുന്നത് (എബ്രായർ 9:5). [6]*മോണോജീൻസ്* (യോഹന്നാൻ 1:14, 18; 3:16, 18; 1 യോഹന്നാൻ 4:9) അക്ഷരികമായി "ഏകജാതൻ" മാത്രമല്ല, എന്നാൽ "ഒരു തരത്തിൽ, ഏക പ്രത്യേകത ഉള്ളവൻ" എന്നർത്ഥം വരുന്നു.

---

**_'എൽ - 'എലോഹി - യിസ്രായേൽ_: "ദൈവം യിസ്രായേലിന്റെ ദൈവം"**

ഉല്പത്തി 33:20-ൽ യാക്കൊബ് ദൈവത്തെ പ്രത്യേക പേർ വിളിക്കുന്നു: *'എൽ - 'എലോഹി - യിസ്രായേൽ,* "ദൈവം, യിസ്രായേലിന്റെ ദൈവം, അതിനർത്ഥം" ശെഖേം പട്ടണത്തിൽ സമാധാനത്തോടെ എത്തി എന്നാണ് യാക്കോബിനു (ഉല്പത്തി 33:18–20).

വഞ്ചനാ സ്വഭാവമുള്ളതായി, പിടിക്കുന്നവനായി ചിത്രീകരിച്ചിട്ടുണ്ട്. അവൻ യേശുവിന്റെ സ്ഥാനം കവരുകയും, അവന്റെ പിതാവിൽ നിന്നു ജ്യേഷ്ഠാവകാശം നേടുകയും ചെയ്തു. അവൻ പിന്നെ തന്റെ ജീവിതത്തിന്റെ ആദ്യ നാല്പതുവർഷം യാക്കൊബ്, പിടിക്കുന്നവനും, വഞ്ചിക്കുന്നവനും ആയിരുന്നു തന്നെ വഞ്ചിച്ച സഹോദരനെ വെറുക്കുകയും കൊല്ലുകയും ചെയ്യുവാൻ ആലോചിച്ചതിൽ നമുക്ക് അതിശയിക്കാനില്ല.

ഏശാവിന്റെ കോപത്തിൽ നിന്നു യാക്കൊബ് നിരാശയോടെ ഓടിപ്പോയി (ഉല്പത്തി 27:41–44; 28:5) പിന്നീട്, ലൂസിൽ വെച്ചു അവൻ നിലത്തു കിടക്കുമ്പോൾ, ഒരു ദർശനത്തിൽ കർത്താവു അവനു പ്രത്യക്ഷനായി അവനു വലിയ ആശ്വാസം കൊടുത്തു (35:6–15). യാക്കൊബ്, സ്പഷ്ടമായും അവന്റെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ടു കർത്താവിനെ സേവിക്കണമെന്നു പ്രതിജ്ഞ ചെയ്തു. ആ പ്രതിജ്ഞ മനസ്സിൽ സൂക്ഷിച്ചു അവൻ ഇരുപതുവർഷത്തോളം അവന്റെ കവർച്ചയും ചതിയുമായ മുൻ സ്വഭാവത്തിൽ നിന്നു അവൻ സത്യസന്ധനാവാൻ ശ്രമിച്ചു അവൻ ലാബാന്റെ ആടുകളെ നോക്കി കൊണ്ടുവന്നപ്പോൾ, "വന്യമൃഗങ്ങൾക്കിരയായതിന്റെ" നഷ്ടം അവൻ വ്യക്തിപരമായി സഹിച്ചു (ഉല്പത്തി 31:39). യാക്കൊബ് മാറിയ മനുഷ്യനായി. വാസ്തവത്തിൽ അവൻ പരിവർത്തനം ചെയ്തു യോഗ്യമായി ജീവിക്കാൻ തുടങ്ങി.

ഈ പുനർജനിക്കപ്പെട്ട മനുഷ്യൻ പാലസ്തീനിലേക്കു മടങ്ങി വന്നപ്പോൾ, അവന്റെ വിചാരം വഞ്ചനയിൽ നിന്നു മാറി എങ്കിലും അപ്പോഴും അവൻ ഏശാവിനെ "ഭയപ്പെട്ടു, ദയവിനായി പ്രാർത്ഥിച്ചു." "എന്റെ സഹോദരന്റെ കയ്യിൽ നിന്നും," എന്നെ ദയവോടെ വിടുവിക്കേണമേ എന്നപേക്ഷിച്ചു (ഉല്പത്തി 32:11).

മനുഷ്യരൂപത്തിൽ ദൈവത്തോടു രാത്രി മുഴുവൻ യാക്കൊബ് മല്ലിട്ടപ്പോൾ, കർത്താവു യാക്കൊബിന്റെ പേർ മാറ്റി. തന്റെ ജീവിതം കഴിഞ്ഞ ഇരുപതു വർഷത്തോളം "യാക്കൊബ്" എന്ന പേരിൽ അനീ

തിയാണ് ചെയ്തിരിക്കുന്നത് അതുകൊണ്ടു ദൈവം അവനെ *യിസ്രായേൽ*, "ഇസ്റായേൽ," "ദൈവത്തോടു മല്ലടിച്ചവൻ" എന്നർത്ഥം. വ്യക്തിയെ പേരിട്ടു, കർത്താവു പറഞ്ഞു "നീ ദൈവത്തോടും മനുഷ്യരോടും മത്സരിച്ചു ജയിച്ചത്" എന്നർത്ഥം വരുന്ന പേരിട്ടു (ഉല്പത്തി 32:28) "യിസ്രായേൽ" എന്ന വാക്കിന്റെ അർത്ഥം "ദൈവത്തിന്റെ പ്രഭു" എന്നും ആണ്.

ഈ മാറിയ മനുഷ്യൻ, ഇപ്പോൾ ദൈവത്തിന്റെ പ്രഭു ആയവൻ, ഏശാവുമായി സന്തോഷത്തോടെയും സമാധാനത്തോടെയും കനാനിൽ പ്രവേശിച്ചു. അവൻ ഒരു ചെറിയ സ്ഥലം വാങ്ങി താഴ്മയോടെ ദൈവത്തിനു നന്ദിയും അനുമോദനവും അർപ്പിക്കുവാൻ തന്റെ ദൈവത്തിനു ഒരു യാഗ പീഠം പണിതു. ശരിയായിത്തന്നെ അവൻ *'എൽ - 'എലോഹി - യിസ്രായേൽ.* "ശക്തനായവൻ, ആരാധ്യൻ, ശക്തനായ പ്രഭു" എന്നു വിളിച്ചു.

*'എൽ - 'എലോഹി - യിസ്രായേൽ* യാഗ പീഠത്തിൽ ആദ്യം ബലിയർപ്പിച്ചപ്പോൾ അതു സുപ്രധാനമായും അർത്ഥവത്തുമായ ഒരു അനുഭവമായിരുന്നു യാക്കൊബിന് ദൈവം യിസ്രായേലിനെ നോക്കുവാൻ ഒരു ദൂതനെ അയയ്ക്കും (ഉല്പത്തി 48:16) എന്ന വിശ്വാസം അവനുണ്ടായിരുന്നു.

### *'എൽ - ബെഥേൽ:*
### "ബെഥേവലിന്റെ ദൈവം"

ദൈവത്തെ ആദരിക്കുവാൻ യിസ്രായേൽ മറ്റൊരു യാഗപീഠം ഉണ്ടാക്കിയതായി ഉല്പത്തി 35:7-ൽ കാണാം: *'എൽ - ബെഥേൽ*, "ബെഥേലിന്റെ ദൈവം."

ശേഖേമിൽ നിന്നു യിസ്രായേൽ യാത്രതിരിച്ചു, *'എൽ - എലോഹി* - യിസ്രായേൽ എന്ന യാഗപീഠം പ്രതിഷ്ഠിച്ച സ്ഥലത്തു, അവൻ എത്തിയപ്പോൾ - ഏകാന്തനായി, നിരാശനായി, ഭയന്നിരുന്നപ്പോൾ - അവൻ ദൈവത്താൽ ആശ്വസിക്കപ്പെട്ടു. ലൂസ് എന്ന സ്ഥലത്തെ യാക്കോബ് ബേഥേന്നാക്കി മാറ്റി, അതിന്റെ അർത്ഥം "ദൈവത്തിന്റെ ആലയം" എന്നാണ്. ഇരുപതു വർഷശേഷം, അവന്റെ മടക്കയാത്രയിൽ, ദൈവത്തിന്റെ ദർശനത്തിനും വാഗ്ദാനത്തിനും അനുമോദനമായി യിസ്രായേൽ ദൈവത്തിനു മറ്റൊരു യാഗപീഠം പണിതു. അവൻ അതിനു *'എൽ - ബെഥേൽ*, അർത്ഥം "ബഥേലിന്റെ ദൈവം" എന്നിട്ടു ദൈവം ബഥേലിൽ വെച്ചു യിസ്രായേലിനു ആദ്യം പ്രത്യക്ഷനായി അവനെ സംരക്ഷിക്കുമെന്നു വാഗ്ദാനം ചെയ്തതു. യിസ്രായേൽ തുടങ്ങിയ സ്ഥലത്തു വീണ്ടും സമാധാനത്തോടെ മടങ്ങി വന്നു. അവൻ നന്ദിയുള്ളവൻ ആയിരുന്നു. അതുകൊണ്ട് അവൻ ദൈവത്തോടു നന്ദിയും കൃതാർത്ഥതയും പുലർത്തി അവനെ ആരാധിക്കുന്നു യാഗം അർപ്പിക്കുന്നു *'എൽ - ബെഥേൽ* യാഗ പീഠങ്ങളിൽ യാഗം കഴിച്ചു.

© 2009 Truth for Today